


# KERALA PRIVATE COLLEGE TEACHER

AKPCTA

1995
January

# AKPCTA ഫിസിക്സ് ശില്പശാല



മദ്രാസ് ഐ. ഐ. ടി. ഫിസിക്സ് വിഭാഗം മേധാവി
ഡോ.ജി.രംഗരാജൻ ഉദ്ഘാടനം ചെയ്യുന്നു

കവർ: കിളിമാനൂർ ഷാജി

# കാലിക്കട്ട് യൂണി.സെനറ്റ് തെരഞ്ഞെടുപ്പ്
# കേരള വിജയം ആവർത്തിക്കട്ടെ

കാലിക്കട്ട് യൂണിവേഴ്സിറ്റി സെനറ്റിലേയ്ക്കുള്ള അധ്യാപക പ്രതിനിധികളുടെ തെരഞ്ഞെടുപ്പ് ഫെബ്രുവരി 14ന് നടക്കുകയാണല്ലോ. കേരള യൂണിവേഴ്സിറ്റിയിൽ മൊത്തമുള്ള പതിനാറുസീറ്റിൽ പത്തിലും എ.കെ.പി.സി.ടി.എ സ്ഥാനാർഥികളെയാണ് അധ്യാപകർ തെരഞ്ഞെടുത്തത്. അവശേഷിച്ച ആറുസീറ്റാണ് മറ്റെല്ലാസംഘടനകൾക്കുംകൂടി പങ്കുവയ്ക്കാൻ കിട്ടിയത്. എ.കെ.പി.സി.ടി.എ യിൽ വിശ്വാസമർപ്പിക്കുന്ന അധ്യാപകരുടെ എണ്ണം കൂടിവരുന്നുവെന്നാണ് ഇത് വ്യക്തമാക്കുന്നത്. കേരളത്തിലെ വിജയം കാലിക്കട്ട് തെരഞ്ഞെടുപ്പിലും ആവർത്തിക്കാൻ ഞങ്ങൾ അധ്യാപകരോടഭ്യർത്ഥിക്കുന്നു.

പ്രൈവറ്റ് കോളേജധ്യാപകരുടെ നിലനില്പിനെബാധിക്കുന്ന നിരവധി പ്രശ്നങ്ങൾ ഈ വർഷം ഉണ്ടായി. അപ്പോഴൊക്കെ എ.കെ.പി.സി.ടി.എ യുടെ ഫല പ്രദമായ ഇടപെടലും ധീരമായ സമരങ്ങളുമാണ് അധ്യാപകർക്ക് ആശ്വാസം പകർന്നത്. മറ്റൊരുസംഘടനയും ഒരു പ്രതിഷേധസമരംപോലും സംഘടിപ്പിക്കാൻ മുന്നോട്ട് വന്നിട്ടില്ല. അത്രയ്ക്കുദുർബലപ്പെട്ടുപോയിരിക്കയാണ് ആസംഘടനകൾ.

വിദ്യാഭ്യാസത്തെ രക്ഷിക്കാനായി രണ്ടുമാസം നീണ്ടുനിന്ന വലിയൊരുസമരമാണ് എ.കെ.പി.സി. ടി.എ ഉൾപ്പടെയുള്ള പുരോഗമന സംഘടനകൾ ഇപ്പോൾ നടത്തിയത്. ആ സമരത്തെ അടിച്ചും, വെടിവെച്ചും ഒതുക്കാൻ കരുണാകരസർക്കാർ ശ്രമിക്കുകയുണ്ടായി. വിലപ്പെട്ട അഞ്ചുജീവൻ അവർ അപഹരിച്ചു. എന്നാൽ അടിപതറാത്ത സമരശക്തിക്കുമുമ്പിൽ സർക്കാരിന് കീഴടങ്ങേണ്ടിവന്നു. വിദ്യാഭ്യാസക്കച്ചവടത്തിന് കടിഞ്ഞാണിടാൻ നമുക്കുകഴിഞ്ഞു.സമരരംഗത്തെന്നപോലെ നിയമയുദ്ധത്തിലും എ.കെ.പി.സി.ടി.എ വിജയിച്ചു. അൺ എയ്ഡഡ് സ്വാശ്രയകോളേജുകൾ ഇക്കൊല്ലം തന്നെ ആരംഭിക്കാനുള്ള നീക്കം കോടതി തടഞ്ഞിരിക്കയാണ്.


KERALA PRIVATE COLLEGE TEACHER

January 1995 No. 124

പത്രാധിപസമിതി


എഡിറ്റർ : വി.എൻ.മുരളി

മാനേജിംഗ് എഡിറ്റർ : എ. പ്രതാപചന്ദ്രൻ നായർ


അംഗങ്ങൾ
എൽ.ജി. വർഗ്ഗീസ്, കെ. സദാശിവൻ നായർ,
പി.ജി. ചന്ദ്രശേഖരൻ നായർ, സി.ജെ. ശിവശങ്കരൻ,
ജെ. ചന്ദ്ര, ടി.എൻ. മനോഹരൻ,
വി. രാജേന്ദ്രൻ നായർ, ജോണി. കെ.ജോൺ,
കെ.സി.കുട്ടപ്പൻ നായർ



K.P.Balakrishnan
N.S.S. College,
Nemmara



P.V.Chandramohan
Malabar Christian College
Calicut.



E.Damodharan
Payyannoor College
Payyannoor



George .S. Paul
Christ College,
Irinjalakuda.



A.M.Krishnan
S.N. College, Nattika.

# കാലിക്കട്ട് യൂണിവേഴ്സിറ്റി സെനറ്റ് തെരഞ്ഞെടുപ്പ്


## A.K.P.C.T.A സ്ഥാനാർത്ഥികൾ




N.Komalavalli
M.E.S. College , Ponnani.



P.Mammad
P.S.M.O. College, Thirurangadi




K.R.Mohan Das
M.E.S. College,
Mannarghat



M. Mohan Das
Sree Kerala Varma College,
Thrichur.



M.K.Padmanabhan
St.Thomas College,
Thrichur.



G.Prakash
N.S.S. College,
Manjerry.



E.Prasannan
S.N. College,
Kannoor.



M.Salim
Farook college,
Farook.




T.K.Thomas
St. Mary's College
Sulthanbatteri.

ഈ പ്രശ്നങ്ങളൊക്കെ ഉണ്ടായപ്പോൾ മറ്റുസംഘടനക്കാർ എവിടെ ആയിരുന്നു? ഒളിഞ്ഞുംതെളി ഞ്ഞും അവർ സർക്കാരിന്റെ വിദ്യാഭ്യാസക്കച്ചവടത്തെ അനുകൂലിക്കുകയായിരുന്നു. യൂണിവേഴ്സിറ്റി ജനാധിപത്യം തകർക്കുന്ന ഏകീകൃതനിയമം കൊണ്ടുവന്നപ്പോഴും ഇതിനനുകൂലമായ നിലപാടാ ണ് അവർ എടുത്തത്. അന്നും ആ കരിനിയമത്തെ ചെറുത്തുതോൽപിക്കാൻ എ.കെ.പി.സി.ടി.എ മാത്രമാണ് രംഗത്തുവന്നത്.തെരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേറ്റും സെനറ്റുമൊക്കെ തകർക്കാൻ നട ത്തിയശ്രമം നമ്മൾ പരാജയപ്പെടുത്തി. ഇപ്പോൾ ഈ സെനറ്റ് തെരഞ്ഞെടുപ്പുനടക്കാൻതന്നെ കാ രണം ഏകീകൃതനിയമത്തെ പരാജയപ്പെടുത്താൻ കഴിഞ്ഞതാണ്.

അധ്യാപകർക്ക് അനുഗ്രഹമാകുമായിരുന്ന സ്ഥലം മാറ്റനിയമം കേരളയൂണിവേഴ്സിറ്റി സിൻഡിക്കേ റ്റിൽ എതിർത്തുതോൽപിച്ച സിൻഡിക്കേറ്റ് അംഗം ജനറൽസെക്രട്ടറിയായുള്ള ഒരു സംഘടനയും ഈ തെരഞ്ഞെടുപ്പിൽ മൽസരിക്കുന്നുണ്ട്. അവർക്ക് അധ്യാപകരോട് യാതൊരുളുപ്പുമില്ലാതെ എങ്ങനെ വോട്ടുചോദിക്കാൻ കഴിയുന്നു? സ്ഥലംമാറ്റ നിയമം പാസ്സാക്കാനായി വോട്ടിനിട്ടപ്പോൾ ഈ നേതാവിന്റെ ഒരൊറ്റ വോട്ടുകൊണ്ടാണ് നിയമം പരാജയപ്പെട്ടത്. ഇത്തരം അധ്യാപകവിരു ദ്ധസമീപനം അവർ ആവർത്തിച്ചുകൊണ്ടിരിക്കുന്നു. ഒന്നാം വർഷ പ്രീഡിഗ്രി പരീക്ഷയുടെ ചുമതല അധ്യാപകരുടെ തലയിൽ കെട്ടിവയ്ക്കുന്നതിനനുകൂലമായി ആ സംഘടന പ്രമേയം പാസ്സാക്കി യിരിക്കയാണ്. യൂണിവേഴ്സിറ്റികളിൽ നൂറ്കണക്കിനു ജീവനക്കാർ നടത്തിവന്ന ജോലിയെല്ലാം കോ ളേജിൽ അധ്യാപകർ ചെയ്യണമെന്നതിനെയാണ് ഇവർ അനുകൂലിക്കുന്നത്. ബുദ്ധിമാന്ദ്യം സംഭവിച്ച കുറെ വൈസ്ചാൻസ്ലറന്മാരുടെ തീരുമാനത്തിനൊത്തു താളം ചവുട്ടി അധ്യാപകരെ വഞ്ചിക്കു കയാണിവർ.

യൂണിവേഴ്സിറ്റി സമിതികളിൽ അധ്യാപകതാൽപര്യം സംരക്ഷിക്കാൻ എ.കെ.പി.സി.ടി.എ യ്ക്ക് മാത്രമെ കഴിഞ്ഞിട്ടുള്ളു. കാലിക്കട്ട് യൂണിവേഴ്സിറ്റിസിൻഡിക്കേറ്റിൽ നമ്മുടെ പ്രതിനിധിയായ പ്രൊഫ. കെ. ദാമോദരൻ മാതൃകാപരമായ പ്രവർത്തനമാണ് നടത്തിയത്. യൂണിവേഴ്സിറ്റിജ നാധിപത്യം ഇല്ലായ്മ ചെയ്യാൻ സർക്കാർ നടത്തിയ നീക്കങ്ങളെ ഫലപ്രദമായി ചെറുക്കാൻ ന മ്മുടെ പ്രതിനിധി ഉൾപ്പടെയുള്ളവർക്കുകഴിഞ്ഞു. ഈ പോരാട്ടം കൂടുതൽ ശക്തിയോടെ തുട രാൻ കഴിയണം. ഇപ്പോൾ നടക്കുന്ന സെനറ്റ് തെരഞ്ഞെടുപ്പിൽ പരമാവധിഎ.കെ.പി.സി. ടി.എ സ്ഥാനാർഥികളെ വിജയിപ്പിക്കാനായി മുന്നിട്ടിറങ്ങി പ്രവർത്തിക്കണമെന്ന് എല്ലാ അധ്യാ പകരോടും ഞങ്ങൾ അഭ്യർഥിക്കുന്നു□



## പ്രീഡിഗ്രി ഒന്നാം വർഷ പരീക്ഷ

# യൂണിവേഴ്സിറ്റികൾ തന്നെ നടത്തും

വിദ്യാഭ്യാസ സമരത്തിൻെറ ഒത്തുതീർപ്പു ലംഘിച്ച് കോളേജുകളിൽ ഒന്നാംവർഷ പ്രീഡിഗ്രി പരീക്ഷ നടത്താനിറങ്ങിത്തിരിച്ച വൈസ് ചാൻസ് ലററ്മാർ പരിഹാസ്യരായി. കടിച്ച പാമ്പിനെക്കൊണ്ടുതന്നെ വിഷമിറക്കിക്കാൻ സംഘടനാശക്തിയ്ക്കു കഴിഞ്ഞു. സമരവും ഒത്തുതീർപ്പുമൊന്നും തങ്ങൾക്ക് ബാധകമല്ലെന്ന നിലയിലായിരുന്നു വി. സി. മാരുടെ പോക്ക്. ഒത്തുതീർപ്പു വ്യവസ്ഥകളെ അട്ടിമറിച്ച് ഖ്യാതി നേടാൻ അവർ ശ്രമിച്ചു. കോളേജുകളിലേക്ക് തുരുതുരാ സർക്കുലറുകളയച്ച് കേമന്മാരായി. ചില കോളേജുകളിലെ തുക്കടാ പ്രിൻസിപ്പലൻമാർ ചാടിക്കളിയെടാ കുഞ്ഞുരാമാ എന്നു കേട്ടമാത്രയിൽ കരണം മറിഞ്ഞ് കളിക്കാനും തുടങ്ങി. പരീക്ഷാ നടത്തിപ്പിന് കമ്മററികളുണ്ടാക്കുന്നു, കൺവീനറന്മാരെ വയ്ക്കുന്നു. ആകെ ബഹളം. എല്ലാവരും ലക്ഷ്യമിട്ടത് സമരക്കാരെ ഒന്ന് ഇരുത്താനാണ്.

ഇപ്പോഴെന്തായി ? അധ്യാപകരുടേയും വിദ്യാർത്ഥികളുടേയും സംഘടിത ശക്തിയെ മാനിക്കാതെ വികലമായ പരിഷ്കാരത്തിനിറങ്ങിത്തിരിച്ചാൽ ഇങ്ങനെയിരിക്കും. വി. സി. മാർക്ക് ഇത് ആദ്യത്തെ അനുഭവമല്ല. ഏകീകൃത നിയമം മുതൽ അവർ കളിച്ചു തുടങ്ങിയതാണ്. ഇനിയെങ്കിലും പാഠം പഠിക്കുമോ ?

---

## A K P C T A

# 37 ാം-സംസ്ഥാന സമ്മേളനം

## സ്വാഗതസംഘ രൂപീകരണം ജനുവരി 27 ന്

എ കെ പി സി ടി എ യുടെ 37–ാം സംസ്ഥാന സമ്മേളനം വിപുലമായ പരിപാടികളോടെ 1995 മാർച്ച് 10, 11, 12 തീയതികളിൽ ആലുവയിൽ നടക്കുന്നതാണ്. സമ്മേളനത്തിൻെറ വിജയകരമായ നടത്തിപ്പിനായി സ്വാഗതസംഘം രൂപീകരിക്കുന്നതിന് 1995 ജനുവരി 27 ന് വൈകുന്നേരം 5 മണിക്ക് ആലുവ മാടപ്പറമ്പിൽ ടൂറിസ്ററ് ഹോമിൽ യോഗം ചേരും.

M. S. VASANTHAKUMAR *

# WHISPERS

Desiring senses conceive whispers
Yes, these projectiles,
Laden with messages clandestine,
Seek those targets.
They float over the
Cesspool of temperaments,
Their tense hissing often
hatch novel idols.

The rustling of leaves
With a gentle breeze,
Or its brethren
Roaring, howling and screeching...
The noise of torrents
and their splashes...
The thunder from charged clouds ..
Nature whispers thus!

But those human,
That lounge untransferred,
Metamorphose into
Fuming punishments for
Crimes undone.

---

* Lecturer, S. N. College, Kollam,

## AKPCTA

# ഫിസിക്സ് ശില്പശാല

അടിസ്ഥാനശാസ്ത്രം വികസിപ്പിയ്ക്കാതെ സാങ്കേതിക ശാസ്ത്ര പുരോഗതി ഉണ്ടാവുകയില്ലെന്ന് മദ്രാസ് ഐ.ഐ. ടി. ഫിസിക്സ് വിഭാഗം മേധാവി ഡോക്ടർ ജി. രംഗരാജൻ പ്രസ്താവിച്ചു. ഉന്നത വിദ്യാഭ്യാസരംഗത്തെ കോഴ്സ് പുനഃസംഘടനയെക്കുറിച്ച് എ. കെ. പി. സി. ടി. എ. അക്കാദമിക് കമ്മിററി സി.എം.എസ്. കോളേജിൽ സംഘടിപ്പിച്ച ശിൽപശാലയിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് പ്രാധാന്യം നൽകുമ്പോഴും അടിസ്ഥാനശാസ്ത്രം അവഗണിക്കപ്പെടരുത്. ശാസ്ത്രപ്രതിഭകൾ ഊന്നൽ നൽകിയിരുന്നത് അടിസ്ഥാന ശാസ്ത്രത്തിനാണ്. ശാസ്ത്രജ്ഞൻമാർക്ക് അർഹമായ പരിഗണന രാഷ്ട്രം നൽകാതിരിക്കുന്നത് ശാസ്ത്ര പുരോഗതിയ്ക്ക് തടസമാകുന്നു, വിഭവങ്ങളുടെ അപര്യാപ്തതയേക്കാൾ കഠിനാദ്ധ്വാനത്തിനുള്ള മനോഭാവമില്ലായ്മയാണ് പുരോഗതിയ്ക്ക് തടസം. അദ്ദേഹം പറഞ്ഞു. മഹാത്മാഗാന്ധി സർവകലാശാലാ രജിസ്ട്രാർ ഡോക്ടർ എം. സി. ചാക്കോ ശിൽപശാല ഉൽഘാടനം ചെയ്തു. പ്രൊഫ പി. ജി. ചന്ദ്രശേഖരൻ നായർ അധ്യക്ഷത വഹിച്ചു. പ്രൊഫ. കെ. സദാശിവൻ നായർ പ്രൊഫ. മാമ്മൻ വർക്കി എന്നിവർ പ്രസംഗിച്ചു.

ഇന്ത്യയിലെ മററു സർവകലാശാലകളിലെ സിലബസ്സുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിലെ സിലബസ് വളരെ കുറവാണന്ന് മഹാത്മാഗാന്ധി ഫിസിക്സ് വിഭാഗം മേധാവി ഡോക്ടർ എം. എ. ഇട്ടിയച്ചൻ ചർച്ചകൾക്ക് തുടക്കം കുറിച്ചു കൊണ്ടു പറഞ്ഞു. ഫലപ്രദമായ പഠനം നടക്കുന്നതിന് അധ്യാപക വിദ്യാർഥി അനുപാതം കുറയ്ക്കണമെന്ന് അദ്ദേഹം പറഞ്ഞു. ഡോക്ടർ ജോൺ മത്തായി, ഡോക്ടർ കെ. ആർ. വസന്തമണി, പ്രൊഫ. കെ. മാത്യു, ഡോക്ടർ പി. രാജഗോപാൽ, പ്രൊഫ. കെ. ചന്ദ്ര, പ്രൊഫ. സിസിറേച്ചൽ ചാണ്ടി, പ്രൊഫ. നാൻസി മാത്യു എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകി.

സമാപന സമ്മേളനത്തിൽ സി. എം. എസ് കോളേജ് പ്രിൻസിപ്പൽ പ്രൊഫ. സി. എം. ജേക്കബ് മുഖ്യാതിഥിയായിരുന്നു. പ്രൊഫ. ഇ. പി. മാത്യു പ്രൊഫ. മോഹൻ കുര്യൻ എന്നിവർ സംസാരിച്ചു.

---

### സെനററ് തെരഞ്ഞെടുപ്പ് : രജിസ്റേറർഡ് ഗ്രാജ്വററ്

## പ്രൊഫ. വി. നാരായണൻകുട്ടിയും പ്രൊഫ. പി. നരേന്ദ്രനും സ്ഥാനാർത്ഥികൾ

കേരള–കാലിക്കട്ട് സർവ്വകലാശാലാ സെനററിലേക്ക് രജിസ്ററേഡ് ഗ്രാജ്വററ് മണ്ഡലത്തിൽ നിന്നും നടക്കുന്ന തെരഞ്ഞെടുപ്പിൽ പ്രൊഫ. പി. നരേന്ദ്രനേയും (കേരള) പ്രൊഫ. വി. നാരായണൻകുട്ടിയേയും സ്ഥാനാർത്ഥികളായി നിർത്തുവാൻ എ കെ പി സി ടി എ തീരുമാനിച്ചു.

കേരള യൂണിവേഴ്സിററിയിൽ ഫെബ്രുവരി 22 നാണ് തെരഞ്ഞെടുപ്പ്.

# LEARNERS' BOOK HOUSE

C. M. S. College Road, Kottayam-1

***A Book Stall specially meant for College Students***

**For Quality Printing**

# LEARNERS' OFFSET PRINTERS

C. M. S. College Road, Kottayam-1

LASER PRINTERS (D T P)

**The Best Guides in English**

# LEARNERS' GUIDES

ആര. ആർ. സി. അനുസ്മരണം

# സ്വാശ്രയ വിദ്യാലയം പ്രാകൃത ഭാവന

## പി. ഗോവിന്ദപ്പിള്ള

കരുത്തുള്ളവൻ അതിജീവിച്ചാൽ മതിയെന്ന പ്രാകൃതവും മൃഗീയവുമായ മൂല്യബോധത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി അടിച്ചേൽപിക്കുകയാണെന്ന് പി. ഗോവിന്ദപ്പിള്ള പറഞ്ഞു.

എ കെ പി സി ടി എ സ്ഥാപക നേതാവായിരുന്ന പ്രൊഫ. ആർ. രാമചന്ദ്രൻ നായർ അനുസ്മരണ പ്രഭാഷണം നടത്തുകയായിരുന്നു പി ജി. എ കെ പി സി ടി എ കേരളവർമ്മ കോളേജ് യൂണിററാണ് വിദ്യാഭ്യാസവും സാംസ്കാരിക വിമർശനവും എന്ന വിഷയത്തെക്കുറിച്ച് പ്രഭാഷണം സംഘടിപ്പിച്ചത്.

വിദ്യാഭ്യാസത്തിലും ഭൗതികവും മാനസികവുമായ സംസ്കാരമുണ്ട്. വിദ്യയിലൂടെ പകർന്നു കൊടുക്കുന്ന മൂല്യബോധമാണ് മാനസിക സംസ്കാരത്തെ നിർണയിക്കുന്നത്. ഈ മൂല്യബോധം ഹാനികരമായ ദിശയിൽ അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്.

പഠിക്കാനുള്ള കഴിവല്ല, പണം മുടക്കാനുള്ള കഴിവാണ് വിദ്യാഭ്യാസരംഗത്തെ പുതിയ മൂല്യബോധത്തിന് ആധാരം. സർക്കാർ ചെലവിൽ വിദ്യ നൽകുന്നതും വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കുന്നതും നിർത്തുന്നു. സ്വകാര്യ മേഖലയിൽ സ്വാശ്രയ കോളേജുകൾ തുടങ്ങി. ചെലവിനുള്ള പണം തലവരിപ്പിരിവോ മററെന്തെങ്കിലും വിധേനയോ പിരിച്ചെടുക്കാം.

പുതിയ മൂല്യബോധം ദാരിദ്ര്യത്തെ സമൂഹത്തിൻെറ തെററായിക്കാണുന്നില്ല. ഒരാൾ ദരിദ്രനാകുന്നത് പിതാവ് ദരിദ്രനായതുകൊണ്ടാണ്. പിതാവ് ദരിദ്രനായത് പിതാമഹൻമാർക്ക് കഴിവില്ലാത്തതുകൊണ്ടും. ഈ 'സൻമാർഗം' മുൻ ജൻമത്തിലെപാപമാണെന്ന് സമാധാനിക്കാം.

ഇത് അമേരിക്കയിലും ഇംഗ്ലണ്ടിലും നിന്ന് തോറേറാടിയ റീഗണോമിക്സാണ്. ക്ഷേമ പ്രവർത്തനങ്ങൾക്ക് സർക്കാർ ചെലവ് വേണ്ടെന്ന നയമാണ് അമേരിക്കൻ പ്രസിഡണ്ടായിരുന്ന റൊണാൾഡ് റീഗനും അയാളെ അനുകരിച്ച് ഇംഗ്ളണ്ടിൽ മാർഗരററ് താച്ചറും നടപ്പാക്കിയത്. അമേരിക്കയിൽ തൽഫലമായി ആരോഗ്യരംഗത്തും വിദ്യാഭ്യാസരംഗത്തും ഉണ്ടായ തകർച്ചക്കും തൊഴിലില്ലായ്മക്കും എതിരെയുള്ള പ്രചാരണത്തിലൂടെയാണ് ക്ളിൻറൺ ജയിച്ചുവന്നത്. ഇംഗ്ളണ്ടിൽഇതേ നയംമൂലം 32 ഖനികൾ പൂട്ടിയതിനെത്തുടർന്ന് തൊഴിലില്ലാതായ 40 ലക്ഷമാളുകളുടെ പ്രതിഷേധത്തിൽപെട്ട് താച്ചറും അധികാര ഭ്രഷ്ടയായി. ഇതേ നയമാണ് കഴിഞ്ഞ ഏതാനും വർഷങ്ങളായി ഇന്ത്യയിലും നടപ്പാക്കിക്കൊണ്ടിരിക്കുന്നതെന്ന് പി ജി പറഞ്ഞു.

പ്രൊഫ. എൻ. ബി. ശ്രീദേവി അധ്യക്ഷയായിരുന്നു ടി ആർ ശിവശങ്കരൻ സ്വാഗതവും പ്രൊഫ. കെ. ബാലകൃഷ്ണൻ നന്ദിയും പറഞ്ഞു.

# എ.കെ.പി.സി.ടി.എ. തെരഞ്ഞെടുപ്പ് ജനുവരി 31 മുതൽ

സംസ്ഥാന സമ്മേളനത്തിൻെറ മുന്നോടിയായി ബ്രാഞ്ചുതലം മുതലുള്ള തെരഞ്ഞെടുപ്പുകൾ ജനുവരി 31 ന് തുടങ്ങേണ്ടതാണ്. അന്ന് ബ്രാഞ്ചു തെരഞ്ഞെടുപ്പു നടത്തണം. ഫെബ്രുവരി 8 നും 28 നും ഇടയ്ക്ക് ജില്ലാ സമ്മേളനങ്ങളും ഭാരവാഹികളുടെ തെരഞ്ഞെടുപ്പും പൂർത്തിയാക്കുക. മാർച്ച് 12 ന് ആലുവയിൽ സംസ്ഥാന ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടക്കും.

# പാമ്പാടി സർവ്വീസ് സഹകരണ ബാങ്ക്

ക്ലിപ്തം. നമ്പർ. 831

**H. O. സൗത്തുപാമ്പാടി, Ph. 591**

ബ്രാഞ്ചുകൾ :

**പാമ്പാടി മെയിൻ (Ph. 381) പാമ്പാടി M & E (Ph. 7991)**
**ഓർവയൽ (Ph. 7691)**

**കോട്ടയം ജില്ലയിലെ പ്രമുഖസഹകരണ സ്ഥാപനം**

## അംഗങ്ങൾ : 11000. നിക്ഷേപങ്ങൾ : 5 കോടി
## പ്രവർത്തനമൂലധനം : 8 കോടി

പ്രസിഡൻറ്
**സി. കെ. ജേക്കബ്**

സെക്രട്ടറി
**കെ. എ. തോമ്മസ്**

**ഡയറക്ടേഴ്സ്**

എ. എൻ. രാമകൃഷ്ണപിള്ള (വൈസ് പ്രസിഡൻറ്)
കെ. കെ. ജേക്കബ്
സതീശ് ബാബു
ബാബു. സി. ജേക്കബ്
അന്നമ്മ ചെറിയാൻ
കെ. ബി. അജിത്കുമാർ
കെ. പി. ഗോപാലകൃഷ്ണൻ നായർ
കെ. എം. രാധാകൃഷ്ണൻ നായർ
സി. എം. മാത്യു
പ്രൊഫ. ഐസക്ക്. പി. എബ്രഹാം.

# എൻ. എസ് എസ്. കോളേജധ്യാപകർ സമരം ആരംഭിക്കും

ദീർഘകാലമായി വിദൂരസ്ഥല ങ്ങളിൽ ജോലി ചെയ്യുന്ന അധ്യാപകർക്ക് സൗകര്യപ്രദമായിസ്ഥലം മാററം നൽകാത്ത മാനേജുമെൻറിൻെറ നടപടിയിൽ എൻ.എസ്. എസ്. കോളേജ് ടീച്ചേഴ്സ് കോർഡിനേഷൻ കൗൺസിൽ (എ കെ പി സി ടി എ) പ്രതിഷേധിച്ചു.

അധ്യാപകർ നിരന്തരമായി ആവശ്യപ്പെട്ടിട്ടും സ്ഥലം മാററത്തിനു മാനദണ്ഡമുണ്ടാക്കാൻ മാനേജ്മെൻറ് തയ്യാറല്ല. ഇരുപതും ഇരുപത്തഞ്ചും വർഷത്തെ സർവീസിനിടയ്ക്ക് ഒരിക്കൽപോലും സൗകര്യമായ സ്ഥലം മാററം കിട്ടാത്ത അധ്യാപകർ നിരവധിയാണ്. അദ്ധ്യാപകദമ്പതികളെ സ്വന്തം നാട്ടിൽ നിന്നും അകലെ രണ്ടു കോളേജുകളിലായി സ്ഥിരമായിരുത്തി പീഡിപ്പിക്കുന്ന ക്രൂരവിനോദം തുടരുന്ന മാനേജ്മെൻറ് മ്യൂച്വൽ ട്രാൻസ്ഫറിനുള്ള അപേക്ഷകളും പരിഗണിക്കുന്നില്ല. ഒഴിവുകളുണ്ടായിട്ടുപോലും ആവശ്യപ്പെട്ടവർക്ക് സ്ഥലംമാററം നൽകാൻ തയ്യാറാകാത്ത മാനേജുമെൻറ്നയത്തിൽ പ്രതിഷേധിച്ച് സമരപരിപാടികൾ ആരംഭിക്കാൻ യോഗം തീരുമാനിച്ചു.

വിവിധ എൻ. എസ്.എസ് കോളേജുകളിൽ നിന്നും ഈ അദ്ധ്യയന വർഷം റിട്ടയർചെയ്യുന്ന അദ്ധ്യാപകർക്ക് ധനുവച്ചപുരത്ത് യാത്രയയപ്പു നൽകാൻ തീരുമാനിച്ചു.

പ്രസിഡൻറ് പ്രൊഫ. ആർ രവീന്ദ്രൻ നായരുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സെക്രട്ടറി പ്രൊഫ. എ പ്രതാപചന്ദ്രൻ നായർ റിപ്പോർട്ടവതരിപ്പിച്ചു. പ്രൊഫ. എൽ. ജി. വർഗീസ്, പ്രൊഫ. കെ. സദാശിവൻ നായർ, പ്രൊഫ. ആർ. മോഹൻകുമാർ പ്രൊഫ. കെ. പി. ദിവാകരൻ നായർ, പ്രൊഫ. ടി. കെ. ജി നായർ, പ്രൊഫ. എ. ശിവരാമൻ, ഡോ. രവീന്ദ്രൻ, ഡോ. പ്രദീപ്കുമാർ, പ്രൊഫ. കെ. പി. ബാലകൃഷ്ണൻ തുടങ്ങിയവർ പ്രസംഗിച്ചു.

## എ കെ പി സി ടി എ വിജയിച്ചു

തലയോലപ്പറമ്പ് ദേവസ്വംബോർഡ് കോളേജ് കൗൺസിലിലേക്കു നടന്ന വാശിയേറിയ തെരഞ്ഞെടുപ്പിൽ എ കെ പി സി ടി എ സ്ഥാനാർത്ഥികളായ ശങ്കരനാരായണൻ, എം. എൻ. രാധാകൃഷ്ണൻ, ലീലാമ്മ എന്നിവർ വമ്പിച്ച ഭൂരിപക്ഷത്തോടെ വിജയിച്ചു.

Amidst wide ranging protest, mainly rom agricultural countries, the Final Act of the Uruguay Round was signed by Trade Ministers of 125 countries on Friday, the 15th April 1994, at Marrakesh in Morocco. This paves the way for the setting up of Multilateral Trade Organisation (M.T.O.) with effect from January 1, 1995. The MTO framework will ensure a "single undertaking approach" to the results of Uruguay Round-thus, membership in the MTO will entail accepting all the results of the Round without exception.

the creation of a new Asian trade group (Economics of Neighbourhood)-a coalition approach to the international economic problems.

### Critical Evaluation

The agreement will reduce the vulnerability of agricultural countries to pulls and pressures exerted by advanced industrial countries. A critical evaluation of the important clauses clearly proves thisfact. It is not 'sense' to believe that UN, World Bank, IMF, and GATT will do miracles w.e.f. 1-1-1995. Thanks to these institutions the industrialised countries could successfully manoecure against the Third world countries. How can one guess that in the economic war between technology rich trinities-USA, Japan and Europe and developing and least developed countries the victory wil be for the latter. Proponents of GATT agreement are too optimistic about the success of the latter group as if their economic failure were merely due to the absence of Uruguay Round.

P. S. MOHANA KUMAR*

# GATT, PRIMARY PRODUCING COUNTRIES AND ECONOMIC INTEGRATION

Implementation of Most Favoured Nation (MFN) Principle and non-discrimination among member nations is one of the major aims of GATT. This does not prevent the formation of preferential trade arrangements or the development of regional trade groupings in the form of customs union. The idea of lowering of tariffs within the union and the establishment of a joint outer ariff will gather momentum in the twake of GATT 1994.

The present study critically evaluates the important GATT articles included in the Final Act, and draws the need for

### Patenting of Micro Organisms

Micro organisms include living creatures like bacteria, virus, fungus, algae,

* Selection Grade Lecturer, Sree Sankara College, Kalady.

## AKPCTA

# സംസ്ഥാന സമ്മേളനം ആലുവയിൽ

## '95 മാർച്ച് 10, 11, 12

സംഘടനയുടെ 37–ാം സംസ്ഥാന സമ്മേളനം ഇത്തവണ ആലുവയിലാണ് നടക്കുക. നിരവധി പോരാട്ടങ്ങളും, നിയമ യുദ്ധങ്ങളും വിജയങ്ങളും, തെരഞ്ഞെടുപ്പു നേട്ടങ്ങളുമെല്ലാം നിറഞ്ഞ അക്കാദമിക് വർഷമാണ് കടന്നുപോകുന്നത്. 'വിദ്യാഭ്യാസം സംരക്ഷിക്കുക' എന്ന അർത്ഥവ്യാപ്തിയുള്ള വലിയൊരു മുദ്രാവാക്യം നമ്മൾ ഏറ്റെടുത്തിരിക്കുന്നു. ഇതിനുവേണ്ടിയുള്ള പോരാട്ടം ജനകീയ ശക്തികളുമായി ഒത്തുചേർന്ന് ഇനിയും നമുക്കു തുടരേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ 37–ാം സംസ്ഥാന സമ്മേളനം ഏറെ പ്രാധാന്യമർഹിക്കുന്നു.

**പ്രൊഫ. ജോയി കുളവേലി**
ജനറൽ കൺവീനർ

സംസ്ഥാന സമ്മേളനത്തിന്റെ ജനറൽ കൺവീനർ പ്രൊഫ. ജോയി കുളവേലിയാണ്. പ്രൊഫ. ടി. എം. തോമസാണ് ഫിനാൻസ് കമ്മററി കൺവീനർ. ഒരംഗത്തിന് 50 രൂപ വീതമാണ് ഡലിഗേററ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്. സംസ്ഥാന കൗൺസിൽ അംഗങ്ങൾക്കും എറണാകുളം ജില്ലയിലെ അംഗങ്ങൾക്കും ഡലിഗേററ് ഫീസ് 100 രൂപ വീതമാണ്. ഡലിഗേററ് ഫീസ് ഫൈനാൻസ് കമ്മിററി കൺവീനറുടെ പേർക്ക് ഡി. ഡി. യായി അയച്ചു കൊടുക്കണം.

സമ്മേളനം വൻപിച്ച വിജയമാക്കിത്തീർക്കാൻ എല്ലാ അധ്യാപകരും മുന്നിട്ടിറങ്ങണമെന്നഭ്യർത്ഥിക്കുന്നു.

**പ്രൊഫ. കെ. സദാശിവൻ നായർ**
ജനറൽ സെക്രട്ടറി

small plants and animals and even cell lines and genes. In the year 1973 Boyer, Cohen and co-scientists successfully shifted genes from one living creature to another. Genes from Micro-organism can be shifted into plants and animals to make 'transgenic' plants and animals.

Grant of a patent on micro organism to Anand Chakravarty an Indian settled at USA, by US supreme Court in 1980 was the beginning in this field.

India refused to accept patent on micro organism initially. The advancement in agricultural, pharmaceutica

and industrial biotechnology is likely to hit India seriously. The 'gene banks' in USA and other developed countries are storing nearly 60% of germ plasm of agricultural countries. The National Seed Storage Laboratory of USA has the capacity to store 2,32,000 germplasm (combination of genes). Experiments on germplasm and consequent developments through the tools of genetic engineering widens the scope of patent protection of plant varieties so developed by patents or through 'suigeneris' system or any combination therof. This will adversely affect the technologically backward agricultural countries. The R & D expenditure in India is a meagre sum of Rs. 2068.78 crores in 1985 while USA spent 4800 crores in the same period. This provides ample proof of our contribution in this field. Developed countries have developed substitutes for sugar, coffee, and cocoa through bio-technology, which are our principal exports. The gene rich south is being ruthlessly exploited by the technology rich north with out any quid pro quo.

Developments in pharmaceutical biotechnology will make health very costly in developing countries. If an "MNC like Sandoz patents the fungus that produces pencillin, no other company in the world will have the right to copy" (Sahal, 1994) for 20 years. If product patent and process patent are seperately obtained the MNCS can extend the right for 40 years.

Bringing a new drug in the market may cost R & D investment of Rs. 562 crores and 12 years thus costing Rs. 56/- per capsule whose product cycle is 10 years at the rate of 1 crore capsules per year (Management Accountant, 1994). The immediate alternative is to rely on foreign MNCs for most of the life saving medicines paying huge royalties. Genetic manipulation has paved the way for biotechnologically produced drugs thus, health becoming more and more costly in India. In England, Germany and Canada and other developed countries treatments right from common influenza to open heart surgery is free.

Industrial bio-technology. another field benefitted as a result of GATT pact, will contribute much to technological upgradation and productivity in industrialised countries. Micro organisms are being increasingly used to clean up oil slicks, to metabolise oil, extract metals, in mining in cleaning industrial wastes and purifying effluent water etc. It is more environment friendly since they produce less pollution. The ultimate effect will be that "India will have to contend with foreign companies offering patented microbes" (Sahal, 1994) China has sent 7000 scientists to developed countries to equip themselves with recent development in biotechnology to utilise their brain for nation building. In India the IITs are solely to transport the rich brains to industrial countries permanently. Khorana, Chandra Sekhar, Anand Chakravarthy Deepak Bhatnagar, Jagadhish Bhagwati (adviser to Arthur Dunkel) are classic examples of expensive Indian brains, the benefit of which is reaped by advanced countries.

## Agriculture

That compulsory import is envisaged only in the case of agricultural products and not in the case of industrial products itslef stands testimony to the fact that this agreement is to safeguard the economic interest of advanced countries like

G-7. The government of these countries are paying their farmers "deficiency payments" to compensate the loss in export subsidies. The EU, USA and Canada are giving 49%, 30% and 41% respectively as a part of Green box policies (Sujit Kumar Ray, 1994). This retards the possibility of increased exports of agricultural countries. Instead, a compulsory import of 2 percent of total food consumption will be the last straw in the camels back. Non-tariff trade barriers (NTB) is likely to return in the pretext of sanitary and phyto-sanitary or on technical grounds. It is to be seen whether traditional uneconomic farming of agricultural countries is able to compete with modernised capital intensive farming of industrialised countries-an economic fight between G-7 and G-77.

The product specific subsidies enjoyed by jute, cotton, potato, onion etc. and non-product specific subsidies for fertilizer, irrigation, electricity etc. are claimed to be less than 10 percent of the value (cost). But everyone conveniently turns a blind eye to the fact that the value is to be reckoned with that of international value, which has not so far been calculated and released officially.

### Agreement on Trade in Service (GATS)

It is sure to tear the entire fabric of service sector especially banks and insurance companies. The principal aims of bank nationalisation are rural banking, priority sector lending and weaker sector lending through DIR (differential interest rates) schemes. All these will no longer be on the agenda of foreign banks. The prime lending rate of public sector banks has been fixed as 14 percent at present against 13.5 percent rate of standard Chartered and other foreign banks in India. These are pointers to the nature of competition among banks in the country. In the commercial paper market foreign banks


## പ്രൊഫ. സുന്ദരേശൻനായർ
## കുടുംബ സഹായ ഫണ്ട്

അകാലത്തിൽ നമ്മെ വിട്ടുപിരിഞ്ഞ പ്രൊഫ. സുന്ദരേശൻനായരുടെ കുടുംബത്തെ സഹായിക്കാനുള്ള ഫണ്ട് എത്രയും വേഗം ഡി. ഡി. ആയി താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ അയയ്ക്കുക.

**പ്രൊഫ. എൽ. ജി. വർഗീസ്**
ഇംഗ്ലീഷ് വിഭാഗം, എസ്. എൻ. കോളേജ്,
ചെമ്പഴന്തി, തിരുവനന്തപുരം

have started under cutting the rates below the floor, a big worry to domestic banks Scouting for new customers is easy for foreign ,banks in metropolitan centres because of cheaper lending rate and better service. This will push out the already loss making 14 banks (out of the 19 nationalised banks) from the scene. To add insult to injury fully computerised banks and insurance companies will add heavily to the unemployed army of youths. Automation equipments like PC, FAX, TI Banker, ATM, Signature verification equipments, pass book printers, DD printers, Automatic Note Counting Machines, communication facilities like Banknet, I-Net, Swift etc. are increasingly adopted in India to compete with foreign banks though it is not "appropriate technology" to a labour rich country like India.

Based on 14 years available statistics Kidron (1965) analysed and concluded that foreign investors reaped back three times their investment in India. The RBI study based on foreign owned companies for the period from 1982-83 to 1987-88 also concluded that returns in the form of repatriation are more than investment. Study of Economic Research Bureau about 317 campaines for the period 1991 to 1993 also draws similar conclusions. On the basis of these observations Oommen (1994) concludes that foreign investment will in no way solve foreign exchange crisis. Globalisation and liberalisation alone are not key words for foreign investment. In spite of regulations and restrictions the U. S. companies invested 1400 crores dollars in China in the year 1992 alone which is greater than total U. S. investments in India. Russia is also not an attractive market for MNCS.

The U. S. Credit risk valuation agency, Standard and Poor (S&P) after closely monitoring India's debt service ability since 1988 gave its long term rating as BBB in September 1990. The rating was lowered to BBB-(minus) in March 1991 and at present India is in non-investment grade. This clearly brings India's position in the world market and hampers the possibility of development of industry and capital market even in the wake of globalisation.

(to be continued in the next issue)

## ജേർണൽ വരിസംഖ്യയും മാററും

എ. കെ, പി. സി. ടി. എ. ജേർണലിന്റെ വരിസംഖ്യ മാനേജിംഗ് എഡിററുടെ പേർക്ക് ഡി. ഡി. യായി അയയ്ക്കുക.

**മാനേജിംഗ് എഡിററുടെ വിലാസം**

എ. പ്രതാപചന്ദ്രൻനായർ
കുരവട്ടം, പരുത്തിപ്പള്ളി
തിരുവനന്തപുരം.

**മാററർ എഡിററർക്ക് അയയ്ക്കുക വിലാസം**

വി. എൻ. മുരളി
വസന്തം, ചെമ്പകശേരി നഗർ,
കേശവദാസപുരം,
തിരുവനന്തപുരം—4.

# ചോദ്യോത്തരങ്ങൾ

## പി. ഹരിദാസൻ

### വിജയലാൽ, ചാത്തന്നൂർ

*ചോദ്യം:*

കമ്മ്യൂട്ടഡ് ലീവും, കമ്മ്യൂട്ടേഷൻ ഓഫ് ലീവും തമ്മിലുള്ള വ്യത്യാസം എന്താണ്? ഇവ അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്?

*ഉത്തരം:*

ഹാഫ് പേ ലീവിന്റെ ഒരു രൂപഭേദമാണ് കമ്മ്യൂട്ടഡ് ലീവ്. കണക്കിൽ ബാക്കി നില്ക്കുന്ന ഹാഫ് പേ ലീവിൽ നിന്നും രണ്ടു ദിവസത്തെ അവധി വീതം പരിവർത്തനം ചെയ്തു ഒരു ദിവസത്തെ പൂർണ്ണ വേതനാവധിയായി നൽകുന്നു. ഈ അവധി അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ:

(1) സ്ഥിരം ഉദ്യോഗസ്ഥൻമാർക്കും, മൂന്നോ അതിലധികമോ വർഷം തുടർച്ചയായ സർവ്വീസുള്ള താൽക്കാലിക ജീവനക്കാർക്കും മാത്രമേ ഈ അവധി ലഭിക്കൂ.

(2) പെൻഷനു പ്രാരംഭമായും കമ്മ്യൂട്ടഡ് ലീവെടുക്കാം. ഇവർക്ക് കാലാകാലങ്ങളിൽ നിലവിലുള്ള നിരക്കിൽ വീട്ടുവാടക അലവൻസും ലഭിക്കുന്നതാണ്.

എന്നാൽ ഒരിക്കൽ അനുവദിക്കപ്പെട്ട ഏതെങ്കിലും ഒരു തരത്തിലുള്ള ലീവ് മറ്റൊരു തരത്തിലുള്ള ലീവായി മുൻകാല പ്രാബല്യത്തോടെ പരിവർത്തനം ചെയ്യുന്ന പ്രക്രിയയ്ക്കാണ് കമ്മ്യൂട്ടേഷൻ ഓഫ് ലീവെന്നു പറയുന്നത്. ഒരു കാരണവശാലും ഏൺഡ് ലീവ് മറ്റൊരു തരം ലീവുമായും പരിവർത്തനം ചെയ്യാൻ അനുവദിക്കുന്നതല്ല. നിയമനം ലഭിച്ച്, സ്ഥിരം ആക്കപ്പെട്ടശേഷം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. ഇതുമൂലം അവധി വേതനക്കുടിശ്ശിക ലഭിക്കുകയോ, അധിക വേതനം കൈപ്പററിയിട്ടുണ്ടെങ്കിൽ തിരികെ നൽകുകയോ വേണ്ടിവരും.

### എസ്. സുശീല, കൊല്ലം

*ചോദ്യം:*

ആദായനികുതി നിയമത്തിലെ ഏററവും പുതിയ ഭേദഗതി പ്രകാരം വനിതാ ജീവനക്കാർക്കു ലഭിക്കാവുന്ന Standard Deduction എത്ര? 95–96 അസസ്സ്മെൻറ് വർഷത്തേയ്ക്കുള്ള നികുതി നിരക്കുകൾ എത്ര? സർച്ചാർജ്ജ് എത്ര രൂപയ്ക്ക് മുകളിൽ വരുമാനമുള്ളവരാണ് നൽകേണ്ടത്?

*ഉത്തരം:*

വനിതാ ജീവനക്കാരുടെ 94-95 വർഷത്തെ മൊത്തം ആദായം 75000 രൂപ കവിയുന്നില്ലെങ്കിൽ അവർക്ക് ലഭിക്കാവുന്ന standard deduction ആദായത്തിന്റെ 33⅓% മോ 18000 രൂപയോ ഏതാണു കുറവെന്നുവച്ചാൽ ആ തുകയായിരിക്കും. ആദായനികുതി നിയമത്തിലെ 80-ാം വകുപ്പനുസരിച്ച് ലഭിക്കാനർഹതയുള്ള തുകവല്ലതും ഉണ്ടെങ്കിൽ, അതുകഴിച്ചു ബാക്കി വരുന്ന ആദായം 75000 രൂപയിൽ കവിയാതിരുന്നാൽ മതിയാകും.

1995-96 അസസ്സ്മെൻറ് വർഷത്തേയ്ക്കുള്ള നികുതി നിരക്കുകൾ:–

നിയമ വിധേയമായ ഇളവുകൾ കഴിച്ച് ബാക്കി വരുന്ന തുകയാണ് Taxable Income ഈ തുകയുടെ ആദ്യത്തെ 35000 രൂപ വരെ നികുതി ഇല്ല.

35001 മുതൽ 60000 രൂപ വരെ 20%.
60001 മുതൽ 120000 വരെ 5000 രൂ.+30%
120001 മുതൽ മുകളിലോട്ട് 23000 രൂ.+40%
95-96 അസ്സസ്സ്മെൻറ് വർഷം മുതൽ സർച്ചാർജ്ജ് ഇല്ല.

## വിജയകുമാർ, കൊല്ലം

*ചോദ്യം :*

വീട്ടുവാടക അലവൻസ് ആദായ നികുതിക്കു വിധേയമാണോ ? വാടക വീട്ടിൽ താമസിക്കുന്നവർക്കു മാത്രമേ വീട്ടുവാടക അലവൻസിൻെറ കാര്യത്തിൽ ഇളവു ലഭിക്കുകയുള്ളുവെന്നു നിബന്ധനയുണ്ടോ? ഇതിൻെറ മററ് നിബന്ധനകൾ എന്തൊക്കെയാണ്? എനിക്കു ലഭിക്കുന്ന പ്രതിമാസ വരുമാനത്തിൻെറ വിശദവിവരങ്ങൾ ചുവടേ ചേർക്കുന്നു. ശമ്പളം 4700 രൂ. ഡി. എ. 3431, വീട്ടുവാടക അലവൻസ് 330. കുടുംബവീട്ടിലാണു താമസം. HRA കാര്യത്തിൽ ഇപ്പോൾ എനിക്കു ലഭിക്കാവുന്ന നികുതിയിളവെത്ര? 600 രൂപ വാടക നൽകേണ്ട ഒരു വീട്ടിലേയ്ക്കു മാറി താമസിച്ചാൽ എനിക്കു ലഭിക്കാവുന്ന നികുതിയിളവെത്ര?

*ഉത്തരം :*

വീട്ടുവാടക അലവൻസ് ആദായ നികുതിക്കു വിധേയമാണ്. വാടകവീട്ടിൽ താമസിക്കുന്ന ഒരാൾക്കു മാത്രമേ ഈ അലവൻസിൻെറ കാര്യത്തിൽ എന്തെങ്കിലും ഇളവിന് അർഹതയുള്ളു. വാടകയിനത്തിൽ ഒരു പൈസ പോലും ചിലവില്ലാതെയാണു താമസിക്കുന്നതെങ്കിൽ (ഉദ: ഭാര്യയുടേയോ ഭർത്താവിൻേറയോ വീട്, കുടുംബവീട് മുതലായവ) വീട്ടുവാടക അലവൻസിൽ യാതൊരുവിധ ഇളവിനും അവർ അർഹരല്ല. വാടകവീട്ടിലാണ് താമസമെന്നതിന് തെളിവു ഹാജരാക്കേണ്ടതാണ്. വാടക 600 രൂപ വരെയാണെങ്കിൽ രസീതു ഹാജരാക്കാതെ ഇളവു ലഭിക്കാൻ അർഹതയുണ്ടെങ്കിലും, ആദായനികുതി ഉദ്യോഗസ്ഥർ ആവശ്യപ്പെട്ടാൽ ഇതു നൽകിയേ മതിയാകൂ.

HRA വാങ്ങുന്ന ഒരാൾക്ക് താഴെപ്പറയുന്നതിൽ ഏററവും കുറഞ്ഞ തുക ഏതാണോ അതായിരിക്കും ഇളവായി ലഭിക്കുക.

(1) യഥാർത്ഥത്തിൽ ലഭിച്ച HRA

(2) വാടകയിനത്തിൽ നൽകിയ തുക ശമ്പളത്തിൻെറ പത്തു ശതമാനത്തേക്കാൾ എന്തു മാത്രം കൂടുതലാണോ, ആ തുക.

(3) വാടകവീട്, ബോംബേ, ഡൽഹി, കൽക്കട്ട മദ്രാസ് എന്നീ പട്ടണങ്ങളിലാണ് സ്ഥിതി ചെയ്യുന്നതെങ്കിൽ, ശമ്പളത്തിൻെറ അൻപതു ശതമാനം വരുന്ന തുക.

(4) മേൽപറഞ്ഞ പട്ടണങ്ങൾ ഒഴിച്ചുള്ള സ്ഥലങ്ങളിലാണ് വാടകവീടെങ്കിൽ ശമ്പളത്തിൻെറ നാല്പതു ശതമാനം വരുന്ന തുക. ഇവിടെ ശമ്പളം എന്നു പറയുമ്പോൾ അടിസ്ഥാനശമ്പളം മാത്രം എടുത്താൽ മതി. ഡി. എ. മററ് സർവ്വീസ് ആനുകൂല്യങ്ങൾക്കു കണക്കാക്കാത്തതു കൊണ്ടാണിങ്ങനെ ചെയ്യുന്നത്. ഇനി താങ്കളുടെ പ്രശ്നം

(1) താങ്കൾ വാടക നൽകാതെ കുടുംബവീട്ടിലാണ് താമസം. HRA പൂർണ്ണമായും ആദായനികുതിക്കു വിധേയമാണ്. യാതൊരുവിധമായ ഇളവും ഈ അലവൻസിൻെറ കാര്യത്തിൽ ലഭിക്കില്ല.

(2) താങ്കൾ 600 രൂപ പ്രതിമാസ വാടകയുള്ളൊരു വീട്ടിലാണു താമസിക്കുന്നതെങ്കിൽ താഴെപ്പറയുന്നതിൽ ഏററവും ചെറിയ തുക ഇളവായി ലഭിക്കും.

(1) യഥാർത്ഥത്തിൽ ലഭിച്ച HRA
= 330 × 12 രൂ. 3960

(2) വാടകയിനത്തിൽ നൽകിയ തുക, ശമ്പളത്തിൻെറ പത്തു ശതമാനത്തേക്കാൾ എന്തു മാത്രം കൂടുതലാണോ ആ തുക

$= 600 \times 12 - 4700 \times 12 \times \frac{10}{100}$

$= 7200 - 5640$ രൂ. 1560

(3) ശമ്പളത്തിൻെറ 40% $= 4700 \times 12 \times \frac{40}{100}$

= രൂ. 22560

ഏറ്റവും ചെറിയ തുക രൂ. 1560. ആദായനികുതിക്കുവേണ്ടി വരുമാനം കണക്കാക്കുമ്പോൾ വീട്ടുവാടക അലവൻസിൻെറ കാര്യത്തിൽ 1560 രൂപ ഇളവു ലഭിക്കും. ബാക്കി തുക, അതായത് 3960—1560=2400 രൂപക്ക് നികുതി നൽകേണ്ടിവരും.

## Damodaran, Payyannur

*Question :*

Will you please give a few illustrations indicating clearly the method of calculation of Income Tax of salaried persons having different kinds of savings and incomes.

*Answer :*

Following are some of such illustrations. Assessment Year in all the cases is 1995-96.

1. Calculation of Income Tax of a Woman employee having gross salary income upto Rs. 75000-

| | | | |
|---|---|---|---|
| 1 | Gross Salary including all allowances | Rs. | 75000 |
| 2 | Contribution to PF | ,, | 12000 |
| 3 | Contribution to G I scheme | ,, | 360 |
| 4 | Life Insurance Premium | ,, | 1360 |
| 5 | Subscription to NSC VIII issue | ,, | 3000 |
| 6 | Subscription to NSS 1992 | ,, | 5000 |
| 7 | Tax on employment | ,, | 300 |

Computation of Total Income and Tax payable thereon.

| | | Rs |
|---|---|---|
| 1 | Gross Salary income | 75000 |
| 2 | Less standard deduction and Prof: Tax | 18300 |
| 3 | Taxable income | 56700 |
| 4 | Tax | 4340 |
| 5 | Total savings qualifed for rebate u/s 88 | 21720 |
| 6 | Rebate u/s 88 @ 20% | 4344 |
| 7 | Net tax payable (4-6) | NIL |

Note: 1 If the gross salary inthis case were more than Rs. 75000, standard deduction would be limited to Rs. 15000 only.

2 In the Case of LIP it is assumed that the premium paid is less than or equal to 10% sum assured.

II Illustration showing the calculation of HRA

| | | | |
|---|---|---|---|
| 1 | Salary | Rs. | 59400 |
| 2 | Dearness Allowance | ,, | 43368 |
| 3 | HRA | ,, | 6000 |
| 4 | CCA | ,, | 900 |
| 5 | Actual Rent Paid | ,, | 12000 |
| 6 | Contribution to PF | ,, | 18000 |
| 7 | Life Insurance Premium | , | 2500 |
| 8 | Contribution to GIS and FBS | ,, | 600 |
| 9 | Contribution to Public Provident Fund | ,, | 2400 |
| 10 | Contribution to an approved Mutual Fund | ,, | 12000 |
| 11 | Profession Tax | | 300 |

Computation of Total Income and Tax payable thereon.

| | | |
|---|---|---|
| 1 | Salary income (1+2+4) excluding HRA | 103668 |
| 2 | HRA | 6000 |
| 3 | Gross Salary income | 10965 |
| 4 | LessHRA exempt u/s 10 (13A). Least of the following three amounts. | |

(a) Actual HRA received

6000 (least)

(b) Excess of rent paid over 10% of Salary

$12000 - 59400 \times \frac{10}{100} = 6060$

(c) 40% of Salary

$= 59400 \times \frac{40}{100} = 23760$ 6000

| | | |
|---|---|---|
| 5 | Balance | 103668 |
| 6 | Less Standard deduction and Prof: Tax | 15300 |
| 7 | Taxable income | 88368 |
| 8 | Rounded to | 88370 |
| 9 | Tax | 13511 |

10 Total savings qualified for rebate.

| | | | |
|---|---|---|---|
| (a) | Provident Fund | 18000 | |
| (b) | Life insurance premium | 2500 | |
| (c) | GIS and FBS | 600 | |
| (d) | Public Provident Fund | 2400 | |
| (e) | Approved Mutual Fund | 10000 | 33500 |

| | | |
|---|---|---|
| 11 | Rebate @ 20% on Rs. 33500 | 6700 |
| 12 | Net tax payable (9-11) | 6811 |

P. S Contribution to mutual Fund shall be qualifed for rebate to a maximum amount of Rs. 10000 only.

III Income tax Calculation in the case of an employee repaying House Building Advance with interest.

| | | | Rs. |
|---|---|---|---|
| 1 | Salary including all allowances | | 96,000 |
| 2 | Subscription to ULIP | | 6000 |
| 3 | Contribution towards PF | | 12000 |
| 4 | LIC Premium | | 2000 |
| 5 | Deposit in NSS | | 6000 |
| 6 | Repayment of House Building Loan | | |
| | (a) Principal | 12000 | |
| | (b) Interest | 16000 | 28000 |

Permission u/s 197 has been obtained from the Assessing officer for claiming a deduction on interest while computing and deducting tax at source).

| | | |
|---|---|---|
| 7 | Tax on employment | 400 |

He is residing in his own house.

Computation of total income and tax payable thereon.

| | | | Rs. |
|---|---|---|---|
| 1 | Gross Salary | | 96000 |
| 2 | Less HRA exempt u/s 10 (13 A) (Note 1) | | NIL |
| 3 | Balance | | 96000 |
| 4 | Less Std: dedu: and profession tax | | 15400 |
| 5 | Income from salary | | 80600 |
| 6 | Less Interest on H.B Loan (Note 2) | | 10000 |
| 7 | Taxable Income | | 70600 |
| 8 | Gross Tax | | 8180 |
| 9 | Total savings qualified for rebate u/s 88 | | |
| | (a) ULIP | 6000 | |
| | (b) PF | 12000 | |
| | (c) LIC preminm | 2000 | |
| | (d) Deposit in NSS | 6000 | |
| | (e) Repayment of HB Loan (Principal) | 10000 | 36000 |
| 10 | Rebate @ 20% on Rs. 36000 | | 7200 |
| 11 | Net tax payable (8-10) | | 980 |

Note: (1) Since he is residing in his own residence he is not eligible to get reduction in HRA under sec 10 (13 A) of the IT Act 1961.

(2) He has obtained permission u/s 197 of the IT Act 1961 he may be allowed a deduction on account of interest on HBL to the extent of actual interest paid or Rs. 10000 which ever is less.

(3) In the caseof repayment of HBL (Principal) the amount that may be considered for rebate u/s 88 is either the actual amount repaid (principal) or R. 10000 which ever less.

# PALODE CO-OPERATIVE AGRICULTURAL DEVELOPMENT BANK

**Ltd: No. T. 862, PALODE, PACHA P,O**

**Phone: Pacha 84232**

| | | |
|---|---|---|
| Date of Registration | : | 11-6-1984 |
| Date of starting | : | 15-6-1984 |

## FINANCIAL POSITION AS ON 31-3-1994

| | | |
|---|---|---|
| Number of members | : | 10426 |
| Paid up share capital | : | Rs. 50 lakhs |
| Loan outstanding | : | Rs. 10 crores |

Implementing NABARD Schemes, Non farm scheme, Rural Housing Scheme, SRTO Scheme and I. L. S. etc.

## BOARD OF DIRECTORS

Sri Koliyakodu N. Krishnan Nair M. L. A.

Prof. A. Esukunju

Sri. N. Thankappan Nair

,, Chettachal Sahadevan

,, K. Raveendran Nair

,, K. Peethambaran Nair

,, G. Varijakshan

Smt. J. Arundhathi

N. ABDUL RAHIM
President

N. RAVINDRA KURUP
Secretary

# ഗവ: ഉത്തരവുകൾ

## സ്ഥലംമാറ്റത്തിന് മുൻകൂർ അനുവാദം വേണ്ട

GOVERNMENT OF KERALA

No. 31351/B2/94/H Edn.
Higher Education (B) Department.
Thiruvananthapuram, Dated: 29-11-1994

From

The Secretary to Government

To

The Directorate of Collegiate Education,
Thiruvananthapuram.

Sir,

Sub:- UGC Scheme - norms for appointing teachers - prior sanction procedure to be followed - reg.

Ref: (1). G.O (MS) No. 42/93/H.Edn. dated 6-4-1993.
(2) G.O. (MS) No. 146/93/H.Edn. dated 1-12-1993.
(3) Your D. O. letter No. UGC Cell I (i) 30205/93 dated 21-10-94.

I am directed to invite your attention to the references cited and to clarify that in view of the academic interest no further concurrence for filling vacancies need be insisted up on in a particular subject in a college where the Director of Collegiate Education has once fixed the permissible posts in the subject based on work load provided that the total number of posts filled up at any time do not exceed the permissible number so fixed. Revised concurrence may be obtained only to fill up posts arising subsequently due to increase of work load if any.

Yours faithfully,
Sd/-
B. Leela Kumari
Under Secretary
for Secretary to Government.

# UGC–JUNIOR GETTING HIGHER PAY THAN SENIOR-ANOMALY RECTIFIED

GOVERNMENT OF KERALA

ABSTRACT

UGC Scheme - Implementation - Junior getting higher pay than Senior - Anomaly rectified - Orders issued.

HIGHER EDUCATION (B) DEPARTMENT

G.O. (MS) No. 177/94/H.Edn. Thiruvananthapuram, Dated: 15-12-1994.

Read : 1) G.O (MS) No 66/90/H.Edn. dated 13-3-1990
2) G.O. (MS) No. 76/90/H.Edn. dated 23-3-1990
3) G.O. (P) No. 79/90/H.Edn. dated 27-3-1990
4) Letter No. UGC Cell III/44669/92/Coll. Edn. dated 16-11-93 from the Director of Collegiate Education.

ORDER

In the G.O. read as first paper above the UGC Scheme including revision of scale of pay has been implemented for teachers in Universities including Kerala Agricultural University, affiliated Colleges, Law Colleges, Engineering Colleges and qualified Librarians and qualified Physical Education Teachers with effect from 1-1-86.

2) In the letter read as 4th paper above the Director of Collegiate Education has reported that Smt. Annamma Joseph, Lecturer (Selection Grade) Government College for Women, Thiruvananthapuram was drawing a basic pay of Rs. 2385/- on 1-1-86 while her Juniors were drawing the basic pay of Rs. 2310/-. Consequent on the implementation of UGC Scheme the pay of Smt. Annamma Joseph and all her juniors were fixed on Rs. 3700/- on 1-1-86. Smt. Annamma Joseph was given one increment, on 1-12-86 since her increment date fall on 1-12-86 and her basic pay was fixed at Rs. 3825/- on 1-12-86. At the same time all her juniors were given the first increment at an early date ie. on 1-7-86. Accordingly their basic pay was fixed at Rs 3825/- on 1-7-86. Thus the juniors were getting higher pay than Smt. Annamma Joseph who is senior in the gradation list. This anomaly arose directly as a result of introduction of the revised scale of pay and hence as per the advise of the Accountant General Kerala, Director of Collegiate Education has taken up the matter with Government requesting to rectify this anomaly.

3) The Anomaly Redressal Committee in its meeting held on 12-12-1991 had discussed the matter in general and recommended as follows.

"A stepping up may be given to those who represent with specific cases of anomaly. Government may issue a general order to cover such cases where in a junior is getting higher pay than their senior in the particular discipline under the Management/Government under the UGC Scheme, ie. grant a step-up by one increment in the pay of the Senior, to make the pay equal to that of junior, in case the drop is solely due to the application of fixation rule under the UGC Scheme. The next increment of the Senior will fall due after one year from the date on which the

# D A-Arrear–Extention of time limit

GOVERNMENT OF KERALA

Abstract

Allowance - Dearness Allowance - Presentation of Arrear Claims - Extension of time Limit - Orders Issued.

FINANCE (P.R.U.) DEPARTMENT

G.O. (P) No. 887/94/Fin.

Dated, Thiruvananthapuram, 12th Decem8er, 1994.

Read:-
1. G.O. (P) 175/89]Fin. dated 22-3-1989.
2. G.O. (P) 376/89/Fin. dated 25-8-1989.
3. G.O. (P) 199/90/Fin. dated 23-3-1990.
4. G. O. (P) 265/91/Fin. dated 22-3-1991.
5. G.O. (P) 432/91/Fin. dated 24-7-1991.
6. G.O. (P) 364/92/Fin. dated 15-4-1992.
7. G.O. (P) 211/93/Fin. dated 15-3-1993.
8. G O. (P) 331/94/Fin dated 19-4-1994.
9. G.O. (P) 434/94/Fin dated 18-7-1994.

ORDER

Governmenf have received so many requests for condoning the delay in crediting arrears of D. A. sanctioned from 1989 onwards to P. F. accouat of the State Government employees. Government are pleased to extend the time limit for crediting the D.A, arrears to the P. F. account of the employees in respect of the D. A. revisions ordered as per Government Orders read as 1st to 8th above upto 31-3-1995.

The arrears in this regard will be preferred as part of the salary Bill for the month of December 1994 January, February or March 1995.

All heads of department/offices particularly the officers concerned with the countersignature of arrear bills of private schools/colleges and private polytechnics should ensure that the pending arrear claims are preferred within the time limit fixed.

By order of tne Governor,
E. K. PRAKASH.
Additional Secretary (Finance).

---

pay is stepped up. In the case referred to here, the stepping up can be brought into effect from the date on which the junior begins to get higher pay than his senior".

4) In the light of the recommendation above, Government have examined the matter in detail and are pleased to accept the views of the Anomaly Redressal Committee Meeting held on 12-11-91 (vide item No. 32-182) for rectifying the anomaly in the fixation of pay under the UGC Scheme.

By Order of the Governor
N. CHANDRASEKHARA PILLAI,
Joint Secretary to Government.

## കേരള യൂണി : സെനററ് : രജിസ്ട്രേഡ് ഗ്രാജ്വേററ് തെരഞ്ഞെടുപ്പ്

# പരമാവധി വോട്ടുകൾ ശേഖരിക്കുക

നാല്പതിനായിരത്തിൽപ്പരം വോട്ടറൻമാരുള്ളതുകൊണ്ട് പരമാവധി വോട്ടുകൾ ശേഖരിച്ച് എത്തിക്കാൻ ബ്രാഞ്ചുകൾ പ്രത്യേകം ശ്രദ്ധിക്കണം. കോളേജധ്യാപകരെയെല്ലാം നേരിട്ടു കണ്ട് വോട്ടുകൾ വാങ്ങുക. ഒപ്പം അതതു പ്രദേശത്തുനിന്നും വോട്ടുകൾ ശേഖരിക്കാനും ഇപ്പോഴേ ശ്രമം നടത്തണം. ജനുവരി 18 മുതൽ വോട്ടുകൾ അയച്ചുതുടങ്ങും.

യൂണിവേഴ്സിററികളിൽ തെരഞ്ഞെടുക്കപ്പെട്ട സെനററും സിൻഡിക്കേററും ഇല്ലാത്തതിന്റെ ബുദ്ധിമുട്ട് ഏറെ അനുഭവിക്കുന്നത് അദ്ധ്യാപകരാണ്. അദ്ധ്യാപക താല്പര്യത്തിനു വിരുദ്ധമായ നിരവധി തീരുമാനങ്ങൾ അടുത്ത കാലത്ത് ഉണ്ടായിട്ടുണ്ട്. ഈ സാഹചര്യത്തിൽ സെനററിൽ നമ്മുടെ ആദ്ധ്യാപകമണ്ഡലത്തിൽ മൊത്തമുളള പതിനാറു സീററിൽ പത്തും എ കെ പി സി ടി എ ക്ക് നേടാൻ കഴിഞ്ഞിട്ടുണ്ട്. രജിസ്റേറർഡ് ഗ്രാജ്വേററ് മണ്ഡലത്തിലും ഈ വിജയം ആവർത്തിക്കണം.

അതിനുള്ള തീവ്ര പരിശ്രമത്തിൽ എല്ലാ അദ്ധ്യാപകരും ഏർപ്പെടണമെന്ന് ഒരിക്കൽകൂടി അഭ്യർത്ഥിക്കുന്നു.

പ്രൊഫ. കെ. സദാശിവൻനായർ
ജനറൽസെക്രട്ടറി

---

# ബ്രാഞ്ച്, ജില്ലാ സമ്മേളനങ്ങൾ വിപുലമായി നടത്തുക

എ കെ പി സി ടിഎ സംസ്ഥാന സമ്മേളനം മാർച്ച് 10,11,12 തീയതികളിൽ ആലുവയിൽ നടക്കും, അതിനുമുമ്പ് ബ്രാഞ്ചു സമ്മേളനങ്ങളും ജില്ലാസമ്മേളനങ്ങളും വിപുലമായി നടത്താൻ ഭാരവാഹികൾ ശ്രദ്ധിക്കണം സംഘടനാ പ്രവർത്തനം സജീവമായി വിലയിരുത്തുന്ന വേദികളായി സമ്മേളനങ്ങൾ മാറണം.

സമ്മേളന റിപ്പോർട്ടുകൾ, ഫോട്ടോകൾ, ഭാരവാഹികളുടെ പേരുവിവരങ്ങൾ—എല്ലാം നമ്മുടെ ജേർണലിലേക്ക് അയച്ചു കൊടുക്കാനും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

ജനറൽ സെക്രട്ടറി

---

*തിരുത്ത്* : മഹാത്മാഗാന്ധി യൂണിവേഴ്സിററി കെമിസ്ട്രി എം. എസ്.സി പരീക്ഷയിൽ ഒന്നാംറാങ്കുനേടിയ വിദ്യാർത്ഥിനിയുടെ പേര് അനൂപാഗിരീഷ് എന്നാണ്. കഴിഞ്ഞലക്കം ജേർണലിൽ അരൂപാഗിരീഷ് എന്നു ചേർത്തിരുന്നത് തെററാണ് — എഡിററർ

# കുമരംപുത്തൂർ സർവ്വീസ് സഹകരണ ബേങ്ക്

ക്ലിപ്തം നമ്പർ പി. 373

**പി. ഒ. മണ്ണാർക്കാട് കോളേജ്**
**പാലക്കാട് ജില്ല.**
(ഫോൺ : 22335)

* മണ്ണാർക്കാട് താലൂക്കിലെ ഏററവും വലുതും ലാഭത്തിൽ പ്രവർത്തിക്കുന്നതുമായ സർവ്വീസ് സഹകരണ ബേങ്ക്.

** ഏററവും നല്ല പ്രവർത്തനത്തിനും, നിക്ഷേപസമാഹരണത്തിൽ കൂടുതൽ നിക്ഷേപം സ്വരൂപിച്ച് ഒന്നാം സ്ഥാനം നേടിയതിനും, കൂടുതൽ വ്യക്തികളെ നിക്ഷേപകരാക്കിയതിനും താലൂക്ക്തല ട്രോഫികൾ നേടിയ സ്ഥാപനം.

*** പുതുക്കിയ ക്ലാസിഫിക്കേഷൻ അനുസരിച്ച് സ്പെഷ്യൽ ഗ്രേഡിൽ പെടുന്ന സർവ്വീസ് സഹകരണ ബേങ്ക്

**** മെമ്പർമാർക്ക് ഡിവിഡണ്ട് നൽകിവരുന്ന താലൂക്കിലെ ഏക സർവ്വീസ് സഹകരണ ബേങ്ക്.

വിവിധതരം നിക്ഷേപ പദ്ധതികൾ — വിവിധതരം വായ്പാ പദ്ധതികൾ.


## സമീപിക്കുക !

**എൻ. കുട്ടിശങ്കരൻ**
സെക്രട്ടറി

**പി. സെയ്ത്**
പ്രസിഡൻറ്




edited printed and published by prof. v. narayanan kutty at chempaka printers, thiruvananthapuram phone 442127 Chief editor prof. k. sukumaran nair



# akpcta
## സംസ്ഥാന സമ്മേളനം ആലുവയിൽ
## '95 മാർച്ച് 10, 11, 12


'തുല്യ ജോലിക്ക് തുല്യ വേതനം' ആവശ്യപ്പെട്ടുകൊണ്ട് 1961 ൽ എ. കെ. പി. സി. ടി. എ. യുടെ നേതൃത്വത്തിൽ തിരുവനന്തപുരത്തുനടത്തിയ പ്രകടനം.

### ഡോക്ടറേറ്റ്



ഡി.കെ.ബാബു
കെമിസ്ട്രി വിഭാഗം
ഗുരുവായൂരപ്പൻ കോളേജ്
കോഴിക്കോട്

### ഡോക്ടറേറ്റ്



എൻ. ഗോപാലകൃഷ്ണൻ നായർ
ഇംഗ്ലീഷ് വിഭാഗം
എൻ.എസ്.എസ്.കോളേജ്
പന്തളം


### ഡോക്ടറേറ്റ്



പി.അനിൽകുമാർ
സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം
ഫറൂക് കോളേജ്
കോഴിക്കോട്

Registered No. KLTV(N)3

R.No.36025/81



വിജയമുഹൂർത്തം : വിദ്യാഭ്യാസ സമരം വിജയിച്ചതിനെത്തുടർന്ന് സെക്രട്ടേറിയറ്റു നടയിലെ നിരാഹാര സത്യഗ്രഹം അവസാനിപ്പിച്ചുകൊണ്ടുനടന്ന യോഗത്തിൽ ശ്രീ. ഇ. കെ. നായനാർ സംസാരിക്കുന്നു.

ശ്രീ. പി. എസ്. ശ്രീനിവാസൻ എം. എൽ. എ. സത്യഗ്രഹികൾക്ക് നാരങ്ങാനീരു നല്കുന്നു.

